കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2017-18- ൽ ഭവന പദ്ധതികൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ(സാധാ) നം. 1738/2017/തസ്വഭവ — തിയതി , തിരുവനന്തപുരം:26.05.2017

പരാമർശം:1) 09/02/2017 ലെ സഉ(സാധാ) 391/2017/തസ്വഭവ നമ്പർ ഉത്തരവ്.
2) കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിന്റെയും ജനറൽ സെക്രട്ടറിയുടെയും 04/05/2017 ലെ KGPA/LMLSGD/201705002 നം കത്ത്
3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ 10/05/2017 ലെ 3.20 നം തീരുമാനം.

## ഉത്തരവ്

സമഗ്ര കേരള വികസനത്തിന് വേണ്ടി അഞ്ച് വർഷം കൊണ്ട്, ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കുവാനുദ്ദേശിക്കുന്ന, സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിക്കുള്ള മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (3 )-ലെ തീരുമാനപ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന പ്രകാരം ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിലയിരുത്തൽ അനുസരിച്ച് വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കാൻ, പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണം, PMAY വിഹിതം, ഇ.എം.എസ് ഭവന നിർമ്മാണത്തിന്റെ തിരിച്ചടവ് എന്നിവയ്ക്കായി പ്രത്യേക പ്രൊജക്ട് തയ്യാറാക്കാവുന്നതാണ്. ഭൂരഹിത - ഭവന രഹിതരുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭവനസമുച്ചയം നിർമ്മിക്കുന്നതിന് അനുയോജ്യമായ 50 സെന്റിൽ കുറയാത്ത ഭൂമി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പേരിൽ വാങ്ങുന്നതിന് തുക നീക്കിവയ്ക്കുന്നതിനും , ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്തുകൊണ്ട് ലൈഫ് പദ്ധതിയുടെ മാനദണ്ഡപ്രകാരം ഭൂമിയുള്ള ഭവനരഹിതർക്കായി പ്രൊജക്ട് തയ്യാറാക്കുന്നതിനും, ലൈഫ് പദ്ധതിയുടെ വിഭവ സ്രോതസ്സ് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം വരുന്ന മുറയ്ക്ക്, പദ്ധതി ഭേദഗതി ചെയ്ത് കൂടുതൽ ഭവന നിർമ്മാണം ഏറ്റെടുക്കുന്നതിനും പദ്ധതികൾ തയ്യാറാക്കാവുന്നതാണ് .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ.കെ. മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ